(ബി) ഉണ്ട്. ഇവയെ പുനരുദ്ധരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധിക്കുമെങ്കിൽ അവയെ പൈതൃകസ്വത്തായി സംരക്ഷിക്കുവാൻ നടപടി കൈക്കൊള്ളുന്നതാണ്.

എ. ഡി. ബി.യുടെ പഠന സംഘം സന്ദർശിച്ച സഹകരണ സംഘങ്ങൾ

99 [3613] *ഡോ. എം. എ. കുട്ടപ്പൻ:*

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

„ വി. ഡി. സതീശൻ:

„ കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.യുടെ പഠന സംഘം സഹകരണ ബാങ്കുകളെക്കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാനത്തെത്തിയിരുന്നുവോ;

(ബി) സംസ്ഥാനത്തുള്ള ഏതെല്ലാം സഹകരണ ബാങ്കുകൾ പ്രസ്തുത സംഘം സന്ദർശിച്ചു എന്നറിയിക്കാമോ;

(സി) പ്രസ്തുത സംഘത്തിനെതിരെ എവിടെയെല്ലാം പ്രതിഷേധപ്രകടനം നടത്തിയിട്ടുണ്ടായിരുന്നു;

(ഡി) നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ എ. ഡി. ബി. സംഘത്തിന് ആവശ്യമായ സൗകര്യങ്ങൾ നൽകണമെന്ന് സംസ്ഥാന സഹകരണ ബാങ്ക് ചെയർമാന് എഴുതിയിരുന്നുവോ;

(ഇ) നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ ആരാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) എത്തിയിട്ടില്ല. എന്നാൽ എ. ഡി. ബി.യും കേന്ദ്ര സർക്കാരും ചേർന്ന് ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടൻസിയുടെ പ്രതിനിധികൾ എത്തിയിരുന്നു.

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക്, ഏറനാട് കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലാണ് സന്ദർശനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലെ ജീവനക്കാർ പ്രതിഷേധപ്രകടനം നടത്തുകയുണ്ടായി.

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ഇ) കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ് ആയ ശ്രീ. കെ. ആർ അരവിന്ദാക്ഷനെയാണ് ഇപ്പോൾ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

മറൈൻ എൻജിനീയറിംഗ് കോളേജ്

100 [3614] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കൽ തുറമുഖത്തോടനുബന്ധിച്ച് ഒരു മറൈൻ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള കണ്ണൂർ സിൽക്കിന്റെ നിർദ്ദേശം ഉണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സിൽക്കിന്റെ കീഴിലുള്ള അഴീക്കൽ ബോട്ട് ബിൽഡിംഗ് യൂണിറ്റ് ഒരു മറൈൻ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം, സിൽക്ക് സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശത്തിൻമേൽ വിശദമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പ്രായോഗികമല്ല എന്ന് കണ്ടതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[12-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 3517, 3523, 3530 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly